



# എന്റെ കവിത

## ഇടശ്ശേരി

രാമായണവും ഭാരതവും ഞാൻ നിത്യപാരായണം ചെയ്തിരുന്നു. സ്കൂളിൽ ചെറിയ ക്ലാസ്സിൽവെച്ചുതന്നെ ശ്രീകൃഷ്ണചരിതം മണിപ്രവാളകാവ്യത്തിലെ ശ്ലോകങ്ങളും ഹൃദിസ്ഥമാക്കിയിരുന്നു. ഇതെല്ലാം കവന വിഷയത്തിൽ എന്നെ സഹായിച്ചിട്ടുണ്ടാവാം. എന്നാൽ, അക്കാലത്ത് അത്രയധികം പ്രചാരണത്തിലുണ്ടായിരുന്ന അമ്മായിശ്ലോകങ്ങളാണ് ശ്ലോകമെഴുതിക്കളയാമെന്ന ഒരു തോന്നൽ എന്നിലുണ്ടാക്കിയത്. അവയെ അനുകരിച്ചാണ് ഞാൻ ആദ്യമായി ശ്ലോകമെഴുതിയതും. എന്താണ് ഞാൻ ആദ്യമെഴുതിയതെന്ന് ഓർമയില്ല. ഓർമയിൽ ഏറ്റവുമധികം പഴക്കമുള്ള ഒരു ശ്ലോകമുണ്ട്. ബാല്യകാലാനുരാഗത്തിന്റെ സ്മാരകമായതുകൊണ്ട് അതു മറന്നുകൂടല്ലോ.

മട്ടോലും മൊഴി,യൊട്ടഴിഞ്ഞവസനം
പെട്ടെന്നുടുത്തും മുല-
ത്തട്ടിൽ സ്വേദജലം പൊടിഞ്ഞു
മൃദുമെയ്‌വാടിത്തളർന്നിങ്ങനെ.
മത്തേഭത്തിനൊടൊത്തിടുന്ന നടയും
ചീർത്തോരു മോദത്തെയെ-
ന്നുൾത്താരിന്നു കൊടുത്തിടുന്ന മുഖവും
കാത്തിങ്ങിരിക്കുന്നു ഞാൻ.

കാമുകന്ന് അന്ന് പത്തോ പതിനൊന്നോ വയസ്സായിരുന്നു. ഉപജീവനമാർഗത്തിൽ എന്നപോലെ കവനകലയിലും ആദ്യപാഠങ്ങൾ ഞാൻ ബോധപൂർവം പഠിക്കാൻ തുടങ്ങിയത് തിരുവിതാംകൂറിൽവച്ചാണ്. എന്റെ ഒരു ജ്യേഷ്ഠൻ ആലപ്പുഴയിൽ ഒരു വക്കീലിന്റെ ആപ്പീസിൽ എന്നെ എഴുതാനിരുത്തി. 1925-ൽ മാഞ്ഞൂർ എം. പരമേശ്വരൻ പിള്ള എന്നൊരു യുവാവിനെ അവിടെ വച്ച് എനിക്ക് ആത്മമിത്രയും കിട്ടി. അദ്ദേഹം പണ്ഡിതനും, സഹൃദയനും വാസനാനുഗൃഹീതനായ ഒരു കവിയും ആയിരുന്നു. ആ വന്ദ്യസുഹൃത്തിന്റെ കൂടെ നടന്നുകിട്ടിയ സമ്പത്താണ് പിൽക്കാലത്ത് ഞാൻ നടത്തിയ സാഹിത്യവ്യവസായത്തിന്റെ മുഖ്യമായ മൂലധനം.

മാഞ്ഞൂരിന്റെ ശിക്ഷണം ഒരമ്മ കുട്ടിയെ പിച്ചനടക്കാൻ പഠിപ്പിക്കുംപോലെയായിരുന്നു. ഞങ്ങൾ തരം കിട്ടിയപ്പോഴെല്ലാം കടപ്പുറത്തോ മറ്റു വിജനസ്ഥലങ്ങളിലോ അലഞ്ഞു തിരിഞ്ഞു. അപ്പോഴെല്ലാം കാവ്യങ്ങളും, കവികളുമായിരുന്നു സംഭാഷണവിഷയം. ഏറ്റവും ഇഷ്ടപ്പെട്ട വിനോദം കവിതയുണ്ടാക്കലും.

രണ്ടുവരി ഞാൻ ചൊല്ലുകയും മാഞ്ഞൂർ അതിനെ പൂരിപ്പിക്കുകയും ഒരു പതിവായിരുന്നു. അങ്ങനെ പതിനഞ്ച് ശ്ലോകമുള്ള ഒരു ഖണ്ഡകാവ്യം തന്നെ രചിക്കുകയുണ്ടായി. അതിൽ ഒരു ശ്ലോകം ഇവിടെ പകർത്താം. നിറനിലാവിനെപ്പററിയാണ്:

'കർപ്പൂരസാരഹരിചന്ദന പങ്കമിങ്ങു
സ്വർപൂവലംഗികളണിഞ്ഞതു
തന്നിടുന്നു.'

സജാതീയ ദ്വിതീയാക്ഷരപ്രാസത്തിൽ നിർബന്ധമുള്ള സ്നേഹിതൻ വിഷമിക്കുന്നത് കാണണമെന്നുണ്ടായിരുന്നു എനിക്ക്. പക്ഷേ, അരമിനുട്ടു വേണ്ടിവന്നില്ല. ഈ രണ്ടുവരികൾ ഒഴുകിവന്നു.

'ഓർപൂ മനോഭവ പരാക്രമങ്ങൾ നാട്ടിൽ
പാർപ്പൂന്നിടുന്നവരിലെത്ര ഫലിച്ചുവെന്നായ്!'

ഒരിക്കൽ മാത്രം മാഞ്ഞൂരെഴുതിയ ഒരർധശ്ലോകം ഞാൻ പൂരിപ്പിച്ചു. സമ്മാനവും കിട്ടി. ഇന്നും ഓർക്കുമ്പോൾ എന്റെ ചെവിക്കുന്നി നീറുന്നു. സ്നേഹിതൻ ഒരു സ്തവമെഴുതി വരികയായിരുന്നു - പ്രാസപ്രചുരമായ മനോഹരശ്ലോകങ്ങൾ, നോട്ടുപുസ്തകം മേശമേൽ മലർത്തിവച്ചിട്ടുണ്ട്. മാഞ്ഞൂർ അകത്തായിരുന്നു. ഒരു ശ്ലോകം കൊണ്ടു രണ്ടു വരിയിൽ നിർത്തിയിരിക്കുകയാണ്.

'മാരവൈരിയുടെ വാമഭാഗമാ-
ർന്നാരമിപ്പൊരചലാധിപാത്മജേ,
ഞാനതു മുഴുവനാക്കി:
നീരസം മതി നിമേഷമെന്നിലും
നീ രസിക്ക, നിരസിക്ക കാന്തനെ!'

ആദ്യദ്വിതീയ തൃതീയാക്ഷരങ്ങളിൽ പ്രാസം ദീക്ഷിച്ചിരുന്ന പന്തളമായിരുന്നു അക്കാലത്ത് എന്റെ ആരാധ്യപുരുഷൻ.

ഒരു ശ്ലോകം രണ്ടാൾകൂടി എഴുതുക എന്നിടത്തുനിന്നു തുടങ്ങി ഒരു ഇതിവൃത്തം രണ്ടാൾകൂടി ഭാഗിച്ചെടുത്ത് എഴുതുക എന്നേടംവരെയ്ക്ക് എത്തി ഞങ്ങളുടെ ഈ പരിശീലനം. 1928, 29 കാലത്ത് ഞങ്ങൾ തമ്മിൽ പിരിഞ്ഞു. ആ മനുഷ്യൻ പിന്നെ എവിടെപ്പോയി? ഞാനദ്ദേഹത്തിന്റെ





ഒരൊറ്റ കവിത പോലും അച്ചടിച്ചുകണ്ടിട്ടില്ല. ഞങ്ങൾ ഒന്നിച്ചുണ്ടായിരുന്ന കാലത്ത് ഞങ്ങൾക്ക ങ്ങിനെയൊരു മോഹവുമുണ്ടായിരുന്നില്ല.

ഇങ്ങനെയെല്ലാം ഇത്രയും കാലം കവനത്തിൽ കൂട്ടുവ്യവസായം നടത്തിയിട്ടും ഞങ്ങളുടെ കവിതാരീതി തികച്ചും വ്യത്യസ്തമായിരുന്നു. ഞങ്ങൾ രണ്ടാളും കൂടി ഭാഗിച്ചെടുത്തെഴുതിയ 'മാലിനി' എന്ന ഖണ്ഡകൃതിയിൽനിന്ന് ഓരോ ശ്ലോകം ഉദ്ധരിക്കട്ടെ.

പൂമണം തനുവണിക്കുളി, രുദ്യൽ-
പ്രേമചഞ്ചലത അസ്ഫുടഗാനം.
കാമചാരമഭിസാരികമാരെ-
ക്കേമമായനുകരിച്ചു സമീരൻ.
(ഇടശ്ശേരി)

പ്രതീചി സദ്രാഗവിലാസിയാംക്ഷണ-
പ്രതീക്ഷണൈകോന്മുഖകോകപംക്തിയിൽ
പ്രതീവ്രമാലാർന്നവനന്നു, താദൃശ-
പ്രതീതിസിദ്ധം സമദുഃഖശാലിത
(മാഞ്ഞൂർ)

യൗവനോദയത്തോടുകൂടി വെൺമണിമാരുടെ അമ്മായി ശ്ലോകങ്ങളിൽനിന്നു ശ്രീരാമകൃഷ്ണ പരമഹംസരുടെ തത്വോപദേശങ്ങളിലേക്കും പന്തളം കേരളവർമതമ്പുരാന്റെ കാവ്യങ്ങളിൽനി ന്നു കുണ്ടൂർ നാരായണമേനോന്റെ ഭാഷാകാവ്യങ്ങളിലേയ്ക്കും എന്റെ രുചി മാറി വരികയായി രുന്നു. ആദ്യത്തേത് ഉറച്ചില്ല. രണ്ടാമത്തേത് എന്റെ കവന രീതിയിൽ ഒരു പാദമുദ്രപതിച്ചേ കട ന്നുപോയുള്ളൂ. ഫലമിതാണ്.

'ഇച്ചേലുറ്റൊരു നാടകത്തിനുതകും
നാട്യങ്ങളൊക്കെപ്പഠി-
പ്പിച്ചേതൊക്കെയരങ്ങണക്കിലു-
മെതിർച്ചോദ്യങ്ങളില്ലൊന്നിലും-
കച്ചേലും മുലമാർക്കു മുമ്പിലിവനെ
ത്തച്ചേറ്റിമൊച്ചക്കളി-
പ്പിച്ചേല്പിക്കരുതേ മലത്തലവനൻ-
പേറുന്ന പെൺപൈതലേ!'

മലത്തലവന്റെ പെൺ പൈതലിന് ഈ പ്രാർഥന തികച്ചും തള്ളിക്കളയാനുള്ള തന്റേടമുണ്ടാ യി. ഭക്തനാകട്ടെ, ആറുമക്കളുടെ അച്ഛനാവാൻ വേണ്ടേടത്തോളം മൊച്ചക്കളിപ്പിപ്പിച്ചേയ്ക്കാനുള്ള തന്റേടവും!

കവിത എഴുതണമെന്നേ അക്കാലത്തു മോഹമുള്ളൂ. പ്രസിദ്ധപ്പെടുത്തണമെന്ന ഉദ്ദേശമേ ഇല്ല. പ്രസിദ്ധിക്കു മോഹമില്ലാഞ്ഞിട്ടല്ല. സാധ്യമല്ലെന്നായിരുന്നു വിശ്വാസം. കാരണം, പാണ്ഡിത്യമി ല്ല. സംസ്കൃതം പഠിച്ചിട്ടില്ല. മലയാളഭാഷയുടെ ഗ്രന്ഥപാഠങ്ങൾ പോലും വായിച്ചിട്ടുമില്ല. ചുരു ങ്ങിയതു വിദ്വാൻ പരീക്ഷയെങ്കിലും പാസ്സാവാതെ ഒരാൾക്കു കവിയാകാൻ വയ്യ എന്നാണ് ഞാൻ മനസ്സിലാക്കിവച്ചിരിക്കുന്നത്. എനിക്കു മാത്രമല്ല പലർക്കും അതായിരുന്നു ധാരണ. ശ്രീ ശൈലജാനന്ദസ്വാമി (ശ്രീരാമകൃഷ്ണാശ്രമം) ഒരിക്കൽ എന്റെ ഒരു കവിത കണ്ടു. 'വൃന്ദാവന ത്തിലെരാധ' എന്നായിരുന്നു കവിതയുടെ പേര്. അതദ്ദേഹം ശ്രീ. സുബ്രഹ്മണ്യൻ തിരുമുമ്പിന്ന യച്ചുകൊടുത്തു. അദ്ദേഹം വടക്കെ മലബാറിൽനിന്ന് ഒരു മാസികയോ, പത്രമോ നടത്തിയിരു ന്നു. ചില തിരുത്തലുകൾ ആവശ്യപ്പെട്ടുകൊണ്ട് അതദ്ദേഹം മടക്കി അയച്ചു. കവിത തിരുത്തി വീണ്ടും അയച്ചു എന്നാണെന്റെ ഓർമ. പക്ഷേ, പിന്നെ ആ മാസിക പുറത്തുവന്നില്ല. കവിതയു ടെ നാലുവരിയോ എന്റെ ശിരോലിഖതമോ രണ്ടിലൊന്നു തകരാറായിരുന്നു. പക്ഷേ, എന്റെ കവിതയും അച്ചടിക്കാവുന്നതാണെന്ന് ഞാൻ മനസ്സിലാക്കി. അതൊരു നേട്ടമായിരുന്നു. എന്നി ട്ടും പിന്നെയും കവിത എഴുതിക്കൂട്ടിയതല്ലാതെ ഞാൻ പത്രത്തിനൊന്നും അയച്ചില്ല. ശൈലജാ നന്ദസ്വാമിയെപ്പോലെ ഒരു മധ്യസ്ഥനെ കിട്ടണ്ടേ? അതൊട്ടു കിട്ടിയതുമില്ല.

ഏതു കാലത്തെന്നറിയില്ല-1935 ന്നു മുമ്പാവണം - 'യുവദീപം' എന്നൊരു മാസിക പുറപ്പെട്ടു, വന്നേരിയിൽനിന്ന്. അതിലാണ് എന്റെ ആദ്യത്തെ കവിത അച്ചടിച്ചത്.

തങ്കച്ചെങ്കതിരാൽത്തീർത്ത പുത്തൻ മാലയണിയിച്ചു
തങ്കരത്താൽ ത്താലോലിച്ചു തരുണാരുണൻ...

അങ്ങനെ പോകുന്നു. ആ മാസികയുമെടുത്ത് ഞാൻ അന്നത്തെ സാഹിത്യ ഡർബാറിൽ ഹാ ജരായി. പി.സി. കുട്ടികൃഷ്ണനും യശശ്ശരീരനായ ഇ. നാരായണനുമായിരുന്നു സാമാജികന്മാർ. കവിത പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നൊന്നും അവരോടു പറഞ്ഞില്ല. അത്രയും കമ്പം കാണി ക്കുന്നതു കുറവല്ലേ? ആ കൊച്ചു മാന്യന്മാർ അതുകണ്ട് അദ്ഭുതപ്പെട്ട് എന്നെ അഭിനന്ദിക്കു മ്പോൾ 'അതിലെന്തിത്രയ്ക്കുള്ളു?' എന്നഭിനയിക്കുകയായിരുന്നു എനിക്കിഷ്ടം. നാരായണൻ മാസിക വാങ്ങി നിവർത്തി - എന്റെ ഹൃദയം നല്ലവണ്ണമൊന്നു മിടിച്ചു. അയാൾ ആ കവിത രസം പിടിച്ച് ഉറക്കെ വായിച്ചു. എനിക്കു നിർവൃതിയും കിട്ടി.

ഏതാണ്ട് ഇത്രതന്നെ എന്നെ മുഷിപ്പിച്ചത് പിന്നീടൊരിക്കൽ കുട്ടികൃഷ്ണമാരാരാണ്. അദ്ദേ



**എന്റെ കവിത**
**ഇടശ്ശേരി**



ഹത്തെ നാടാടെ കണ്ടതു ഞാൻ കോട്ടയ്ക്കൽ വച്ചു കൂടിയ പരിഷത് സമ്മേളനപ്പന്തലിൽവച്ചായിരുന്നു. മാരാരും ജിയുമായിരുന്നു അന്നത്തെ എന്റെ ആരാധ്യദൈവങ്ങൾ. ദൂരെ നിന്നു ഞാന വരെ നോക്കിക്കണ്ടു. പിന്നീട് യാദൃച്ഛികമായി തൃക്കാവുക്ഷേത്രത്തിൽ വച്ച് ഞാൻ കുട്ടികൃഷ്ണ മാരാരെ കാണുകയുണ്ടായി. അദ്ദേഹം മകനെയെടുത്ത് മുരളീധരനെയായിരിക്കണം എഴുന്നെള്ളത്തുകാണിച്ചു നിൽക്കുകയായിരുന്നു. ശീവേലി കഴിയുന്നതുവരെ, ആ ഇളം കുഞ്ഞു കുഞ്ഞിക്കണ്ണും തുറിച്ചു പട്ടം കെട്ടിയ ആനയെ നോക്കിനിന്നു. ഞാൻ മാരാരെയും. എന്നിട്ടും ഞങ്ങൾ തമ്മിൽ പരിചയപ്പെട്ടില്ല. അതൊരാശ്വാസമായിട്ടേ അന്നു തോന്നിയതുമുള്ളൂ. വീണ്ടും കുറേക്കാലം കഴിഞ്ഞശേഷം എൻ.പി. ദാമോദരനാണ് ഞങ്ങളെ പരിചയപ്പെടുത്തിയത്. അപ്പോഴേയ്ക്കും ആത്മവിദ്യാകാഹളത്തിലും മാതൃഭൂമിയിലുമായി എന്റെ ധാരാളം കവിതകൾ പുറത്തുവന്നു കഴിഞ്ഞിരുന്നു. എന്നിട്ടും മാരാർ അങ്ങനെയൊരു കവിയെ കേട്ടിട്ടില്ല. ഒരൊറ്റ കവിതയും വായിച്ചിട്ടുമില്ല എന്നു പച്ചയിലങ്ങു തുറന്നു പറഞ്ഞു. ഞാൻ വിനയംകൊണ്ട് പുതപ്പിടുവിച്ച് ഏറ്റവും സ്വകാര്യവും കാര്യവുമായി വളർത്തിവന്ന തണ്ടിന് ഇതിലും വലിയൊരടി കിട്ടുകയുണ്ടായിട്ടില്ല.

എന്നിട്ടും എനിക്കാമനുഷ്യനെ വിട്ടുപിരിയാൻ തോന്നിയില്ല. ലക്കില്ലാതെ ചാടിക്കളിച്ചിരുന്ന എന്റെ കവനഭ്രാന്തിനെ കലാമണ്ഡലത്തിൽനിന്നു വന്ന ആ ഗുരുനാഥൻ രണ്ടുകാലിൻമേൽ നേരെ നിൽക്കുവാനും മൂക്കുകുത്തി വീഴാതെ താളം ചവിട്ടാനും പഠിപ്പിച്ചു.

ഒരു വിശേഷം കൂടിയുണ്ടായി. രചനയെപ്പറ്റിയും മററും മാരാരിൽ നിന്നുകിട്ടിയ കനത്ത ശിക്ഷണങ്ങൾ എന്നെ വള്ളത്തോളിന്റെ തൊഴുത്തിലേക്ക് പാകമായ ഒരു നാൽക്കാലിയാക്കിക്കൊണ്ടിരുന്നു. അതിനെതിരായി ഫലപ്രദമായ താക്കീത് തന്നതും അദ്ദേഹം തന്നെയാണ്. മഹാകവിയുടെ 'എന്റെ കൊച്ചുമകൾ' എന്ന മനോഹര കവിത ഞാനേതാണ്ടു തന്നത്താൻ മറന്നു പാടിക്കൊണ്ടിരിക്കുകയായിരുന്നു. മാരാർ അതിലെ നാലുവരികൾ തന്നെ ആവർത്തിച്ചുചൊല്ലി എന്റെ നേർക്കു നോക്കി പൊട്ടിച്ചിരിച്ചു. സന്ദർഭവിശേഷത്താൽ എന്റെ യുവസ്നേഹിതന്മാരും അതിൽ പങ്കെടുത്തു.

എന്തിനങ്ങോട്ടു നിൻ കൊച്ചുകൈ നീട്ടുന്നു
നിൻതരക്കാർക്കൊത്ത പൂക്കൊതിയാൽ
കിട്ടില്ലതിങ്കൽ നിന്നൊറ്റയിതളുമെൻ
കുട്ടിക്കവിത്വമേ നിൻ കരത്തിൽ.

കാകൻ അന്നനട പഠിക്കുംപോലെ അപഹാസ്യമാകുന്നുണ്ട് എന്റെ വള്ളത്തോൾക്കമ്പം എന്നെനിക്കുതന്നെ തോന്നിത്തുടങ്ങി. ഞാനതിൽനിന്നു കുതറിപ്പോരാൻ മനഃപൂർവം പരിശ്രമിച്ചു. അഥവാ - ഇപ്പോഴും പരിശ്രമിക്കുന്നു എന്നേ പറയാറായിട്ടുള്ളൂ.

അത്രയുംകാലം - ഏതാണ്ട് 1940 വരെ - എങ്ങിനെ എഴുതണം എന്നതിനെപ്പററി മാത്രമേ ഞാൻ ക്ളേശിച്ചിരുന്നുള്ളൂ. എന്തെഴുതണം എന്നത് എന്റെ മുൻപിൽ ഒരു പ്രശ്നമേ ആയിരുന്നില്ല. ഞാൻ പുരാണ കഥകളെ ഇതിവൃത്തമായി സ്വീകരിച്ചു. എന്റെ ചുറ്റുമുള്ള പ്രകൃതിപ്രതിഭാസങ്ങളെ ആധാരമാക്കി കവിത രചിച്ചു; ചിലപ്പോഴെല്ലാം കല്പിതങ്ങളായ ഇതിവൃത്തങ്ങൾതന്നെ സൃഷ്ടിച്ചും കവിതയെഴുതി. പക്ഷേ, മലയാള സാഹിത്യത്തിൽ ഉയർന്നുവന്നിരുന്ന വിവിധവാദഗതികളെ ശ്രദ്ധിക്കാതിരിക്കാൻ എനിക്ക് കഴിഞ്ഞില്ല. അങ്ങനെ എന്റെ കവിതയിൽ ചില വഴിമാറലുകളുണ്ടായി. ഞാനതിനെ വളർച്ചയെന്നു വിളിച്ചു. എന്നാലും, 'പള്ളിച്ചൂണ്ട'ലെഴുതിയതിന് ഞാനൊരു യുക്തിവാദിയാണെന്ന് കേട്ടപ്പോഴും 'പണിമുടക്ക'മെഴുതിയതിന് ഞാനൊരു കമ്മ്യൂണിസ്റ്റാണെന്ന് കേട്ടപ്പോഴും എനിക്ക് ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

വിഷയത്തെക്കുറിച്ചും പ്രതിപാദനത്തെക്കുറിച്ചും ഞാനിപ്പോഴും ഒരു തീരുമാനത്തിലെത്തിയിട്ടില്ല. ഈ വിഷയത്തിലെല്ലാം ഞാനെന്റെ പിൻതലമുറയുടെ കൂടെയാണ്. ഞാൻ എന്നും അങ്ങനെതന്നെ ആയിരുന്നുവെന്നും ഓർക്കുന്നു. എന്റെ ഇളംതലമുറക്കാരുമായാണ് ഞാൻ ഈ വിഷയത്തെക്കുറിച്ച് ചർച്ച നടത്താറുള്ളത്. അവരുടെ അഭിപ്രായങ്ങളുടെ ശാശ്വതമൂല്യമെന്തായാലും ശരി, ആ അഭിപ്രായങ്ങൾക്ക് ജീവനും ചോരത്തുടിപ്പുമുണ്ട്. ഈ രണ്ടുമില്ലെങ്കിൽ മറ്റെന്തുണ്ടായിട്ടും ഒരു കലാവിദ്യയും നന്നാവാൻ പോകുന്നില്ലെന്നും ഞാൻ വിശ്വസിക്കുന്നു. പല തവണയും സ്വന്തം കവിതയുടെ കൂമ്പടഞ്ഞുപോയതായി എനിക്ക് തോന്നിയിട്ടുണ്ട്. അപ്പോഴെല്ലാം ജീവിതം രസശൂന്യവും. നിഷ്പ്രയോജനവും ഭാരവുമായി അനുഭവപ്പെടും. ഈ അവസരത്തിലെല്ലാം എന്റെ സമകാലീനരായ കവിവര്യന്മാരുടെ നല്ല പുതിയ കവിതകൾ വീണ്ടും എന്നെ ആവേശം കൊള്ളിക്കുവാനും എന്റെ ചുറ്റും കവിതാമയമായ ഒരന്തരീക്ഷം സൃഷ്ടിക്കുവാനും പര്യാപ്തമായിത്തീരുന്നു. അത്തരം കവിതകളിൽ നിന്ന് എന്റെ മനസ്സ് പുതുജീവൻ വലിച്ചെടുക്കുകയും എന്റെ ഭാവന തളിരിടുകയും ചെയ്യുന്നതായി അനുഭവപ്പെടാറുണ്ട്. ജി.യുടെ 'അന്വേഷണം', 'പിറ്റേന്ന്' ബാലാമണിയമ്മയുടെ 'വേലക്കാരി' എൻ.വി. കൃഷ്ണവാരിയരുടെ 'പഴയപാട്ട്' ചങ്ങമ്പുഴയുടെ 'ആരുവാങ്ങുമിന്നാരുവാങ്ങുമീയാരാമത്തിന്റെ രോമാഞ്ചം', വെണ്ണിക്കുളത്തിന്റെ 'വേണമോ പനിനീർപ്പൂ...' വൈലോപ്പിള്ളിയുടെ 'സഹ്യന്റെ മകൻ', അക്കിത്തത്തിന്റെ 'വാടാത്ത താമര' 'കെടാത്ത സൂര്യൻ'. ഇത്യാദി മനോഹര കാവ്യങ്ങൾ മൃതസഞ്ജീവിനി പോലെ ഉയിർത്തെഴുന്നേൽപ്പിക്കുകയും ഗീതോപദേശംപോലെ എന്നെ കർമോൽസുകനാക്കുകയും ചെയ്തവയാണ്.

എന്റെ കവിത കവിതാപാരയണത്തിൽ നിന്നാണ് തുടങ്ങിയത്. കവിതാപാരായണം കൊണ്ടാണത് നിലനിൽക്കുന്നത്. ആയിരം ശ്ലോകം പഠിച്ചാൽ അരക്കവിയാകുമെന്നുണ്ടല്ലോ.

മാതൃഭൂമി ആഴ്ചപ്പതിപ്പ് - 1953 ഏപ്രിൽ 5